"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ബഡ്ജറ്റ് പ്രവൃത്തി- 2023-24 - തൃശ്ശൂർ ജില്ല -ചാലക്കുടി നിയോജക മണ്ഡലം - കൊടകര ബ്ലോക്ക് പഞ്ചായത്ത് - കൊടകര ഗ്രാമപഞ്ചായത്ത് - **ദേശീയപാതയിൽ നിന്ന് ആരംഭിച്ച് തേശ്ശേരിയിലൂടെ ചീക്കാമണ്ടി അമ്പലം പരിസരം വഴി പഴമ്പിള്ളി ഗ്രൗണ്ടിനോട് ചേർന്ന് കനാൽപ്പാലം വരെയുള്ള റോഡ് 40 MSS നിലവാരത്തിൽ നിർമ്മാണം**" എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി.) വകുപ്പ്**

സ.ഉ.(സാധാ) നം.512/2026/LSGD തീയതി,തിരുവനന്തപുരം, 27-02-2026

---

പരാമർശം:- 1) 08.04.2025-ലെ സ.ഉ.(സാധാ.)നം.3477/2025/ധന സർക്കാർ ഉത്തരവ്

2) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 20.01.2026-ലെ LSGD/PD/197/2026-EW5-നമ്പർ കത്ത്

ഉത്തരവ്

2023-24-വർഷത്തെ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II മരാമത്ത് പണികളുടെ വിശദവിവരങ്ങൾ വാല്യം II- ഭരണാനുമതി ഇല്ലാത്ത മരാമത്ത് പണികൾ, ക്രമ നം. 1884-ആയി പട്ടികജാതി പട്ടിക വർഗ്ഗ വകുപ്പിനെ നിർവ്വഹണ വകുപ്പാക്കി 5 കോടി രൂപ അടങ്കൽ തുകയും, 20% പ്രൊവിഷനും അനുവദിച്ച "**വാഴച്ചാലിൽ ഗോത്ര വർഗ്ഗ പൈതൃക സംരക്ഷണ കേന്ദ്രം**" എന്ന പ്രവൃത്തി റദ്ദ് ചെയ്ത് പകരം ടി പ്രവൃത്തിയ്ക്ക് വകയിരുത്തിയ തുക ചുവടെ ചേർക്കുന്ന പ്രവൃത്തികൾക്ക് വകയിരുത്തിയും നിർവഹണ വകുപ്പായ് തദ്ദേശസ്വയംഭരണ വകുപ്പിനെ ഉൾപ്പെടുത്തിയും പരാമർശം(1) പ്രകാരം ഭേദഗതി ഉത്തരവായിരുന്നു.

1. കോടശ്ശേരി ഗ്രാമപഞ്ചായത്തിലെ കുറ്റിക്കാട് റോഡ്- കൂർക്കമറ്റം -സൗത്ത് മാരാംകോട്-അക്വേഷ്യ റോഡ്-ചട്ടിക്കുളം വരെ 40 MSS നിലവാരത്തിൽ നിർമ്മാണം -1.50 കോടി (തദ്ദേശസ്വയംഭരണ വകുപ്പ്)
2. കോർമല ആശ്രമം-ചെമ്പൻകുന്ന്-പുളിങ്കര-മാരാംകോട് പാലഗ്രൗണ്ട് റോഡ് 40 MSS നിലവാരത്തിൽ നിർമ്മാണം-2.30 കോടി (തദ്ദേശസ്വയംഭരണ വകുപ്പ്)
3. ദേശീയപാതയിൽ നിന്ന് ആരംഭിച്ച് തേശ്ശേരിയിലൂടെ ചിക്കാമണ്ടി അമ്പലം പരിസരം വഴി പഴമ്പിള്ളി ഗ്രൗണ്ടിനോട് ചേർന്ന് കനാൽപ്പാലം വരെയുള്ള റോഡ് 40 MSS നിലവാരത്തിൽ നിർമ്മാണം-1.20 കോടി (തദ്ദേശസ്വയംഭരണ വകുപ്പ്)

2) മേൽ പ്രവ്ൃത്തികളിൽ ക്രമനമ്പർ 3 ആയി ഉൾപ്പെട്ടിരുന്ന "**ദേശീയപാതയിൽ നിന്ന് ആരംഭിച്ച് തേശ്ശേരിയിലൂടെ ചീക്കാമണ്ടി അമ്പലം പരിസരം വഴി പഴമ്പിള്ളി ഗ്രൗണ്ടിനോട് ചേർന്ന് കനാൽപ്പാലം വരെയുള്ള റോഡ് 40 MSS നിലവാരത്തിൽ നിർമ്മാണം**" എന്ന പ്രവൃത്തിയ്ക്ക് 120 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന്മേൽ ഭരണാനുമതി ലഭ്യമാക്കണമെന്ന് പരാമർശം (2) പ്രകാരം

തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അഭ്യർഥിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1)ലെ ഭേദഗതി ഉത്തരവ് പ്രകാരം ഉൾപ്പെടുത്തിയിരിക്കുന്ന മേൽ പ്രവൃത്തികളിൽ ക്രമനമ്പർ 3 ആയി ഉൾപ്പെടുത്തിയിരിയ്ക്കുന്ന ചാലക്കുടി നിയോജക മണ്ഡലത്തിലെ **"ദേശീയപാതയിൽ നിന്ന് ആരംഭിച്ച് തേശ്ശേരിയിലൂടെ ചീക്കാമണ്ടി അമ്പലം പരിസരം വഴി പഴമ്പിള്ളി ഗ്രൗണ്ടിനോട് ചേർന്ന് കനാൽപ്പാലം വരെയുള്ള റോഡ് 40 MSS നിലവാരത്തിൽ നിർമ്മാണം"** എന്ന പ്രവൃത്തിക്ക് 120 ലക്ഷം രൂപയുടെ( നൂറ്റി ഇരുപത് ലക്ഷം രൂപയുടെ മാത്രം) ഭരണാനുമതി നൽകിയും, ടി പ്രവൃത്തിക്കാവശ്യമായ ചെലവ് **'4515-00-800-92(NP)'**എന്ന ശീർഷകത്തിൽ അനുവദിച്ച അഡിഷണൽ പ്രൊവിഷനിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

2.ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

3.അക്കൗണ്ടന്റ് ജനറൽ (എ & ഇ /ഓഡിറ്റ്) കേരള, തിരുവനന്തപുരം

4.ധനകാര്യ വകുപ്പ്. (E:3412651/DEV-3/45/2026-Fin dated 13.02.2026) (AS/ LGD/25/49158)

5.ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

6.ഇൻഫർമേഷൻ ഓഫീസർ വെബ് & ന്യൂ മീഡിയ വിംഗ്, ഐ.പി.ആർ.ഡി. തിരുവനന്തപുരം

7.കരുതൽ ഫയൽ. (DB2/61/2026-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
സെക്ഷൻ ഓഫീസർ
Date: 28-02-2026 10:52:50